# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 517

01.12.2015-ൽ മറുപടിക്ക്

## സഹകരണ സംഘങ്ങളിലെ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിലെ സഹകരണ സംഘങ്ങളിലെ ആകെ നിക്ഷേപം എത്രയായിരുന്നു; ആയതിൽ ക്രെഡിറ്റ്, നോൺ ക്രെഡിറ്റ് സംഘങ്ങളുടെ നിക്ഷേപം എത്രയാണെന്ന് തരം തിരിച്ച് വിശദമാക്കുമോ; ആയതിൽ പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെ (PACS) നിക്ഷേപം പ്രത്യേകമായി വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിലെ സഹകരണ മേഖലയിലെ ആകെ നിക്ഷേപബാക്കിനിൽപ്പ് 68,409.15 കോടി ആയിരുന്നു. ആയതിൽ ക്രെഡിറ്റ് വിഭാഗത്തിൽപ്പെട്ട സംഘങ്ങളിലെ/ബാങ്കുകളിലെ നിക്ഷേപം 66,990.25 കോടിയും, നോൺ ക്രെഡിറ്റ് സംഘങ്ങളുടെ നിക്ഷേപം 1,418.90 കോടിയും ആയിരുന്നു. ആകെ ബാക്കി നിൽപ്പ് നിക്ഷേപത്തിൽ 36,765.44 കോടി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപമാണ്. |
| (ബി) മേൽ വിഭാഗങ്ങളിലെ നിക്ഷേപങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | (ബി) 30.09.2015 ലെ സ്ഥിതി പ്രകാരം സംസ്ഥാനത്തെ സഹകരണ മേഖലയിലെ ആകെ നിക്ഷേപം 1,41,377.24 കോടി രൂപയാണ്. ഇതിൽ ക്രെഡിറ്റ് വിഭാഗത്തിലെ സംഘങ്ങളിൽ/ബാങ്കുകളിൽ 1,34,705.94 കോടിയും, നോൺ ക്രെഡിറ്റ് സംഘങ്ങളിൽ |

(---2)

6,671.30 കോടിയും നിക്ഷേപമുണ്ട്. അതേ തീയതിയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ 68,209.45 കോടി നിക്ഷേപബാക്കി നിൽപ്പുണ്ട്.

**സെക്ഷൻ ഓഫീസർ**